പതിനഞ്ചാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## രണ്ടാമത് റിപ്പോർട്ട്

(2024 ജൂലൈ 4 -ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## രണ്ടാമത് റിപ്പോർട്ട്

(2024 ജൂലൈ 4 -ാം തീയതി സമർപ്പിച്ചത്)

779/2024.

<u>ഉള്ളടക്കം</u>

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## കമ്മിറ്റിയുടെ ഘടന

ചെയർമാൻ :

ശ്രീ. മുരളി പെരുനെല്ലി.

അംഗങ്ങൾ :

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എച്ച് . സലാം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി റീന. വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം. കെ. എസ്. , അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. നിയമസഭയിൽ 13-3-2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ സാമൂഹിക മാധ്യമങ്ങളിലൂടെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം തലവനായ ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. അംഗം 15-3-2023-ന് ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 24-3-2023-ന് ബഹു. സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു. 2023 മേയ് 11, 2023 ഒക്ടോബർ 4, ഒക്ടോബർ 17, 2024 മേയ് 16, മേയ് 30, 2024 ജൂൺ 5, 2024 ജൂലൈ 1 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

സമിതി യോഗങ്ങളിൽ നടന്ന സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. 2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം
2024 ജൂലൈ 4.

മുരളി പെരുനെല്ലി
*ചെയർമാൻ,*
*പ്രിവിലേജസ് , എഥിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

**വസ്തുതാ വിവരണം**

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. തന്റെ നിയോജക മണ്ഡലത്തിലെ വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട് നിയമസഭയിൽ 13-3-2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ, കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KGMCTA TVM Official) എന്ന പേരിലുള്ള വാട്സ് ആപ്പ് കൂട്ടായ്മയിലും 'Haris Chirackal' എന്ന ഫേസ് ബുക്ക് പേജിലും മറ്റ് സാമൂഹിക മാധ്യമ പേജുകളിലും ബഹു.അംഗത്തെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിലെ തലവനായ ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 15-3-2023-ന് ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു (അനുബന്ധം I). നോട്ടീസ് പരിഗണിച്ച ബഹു. സ്പീക്കർ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രസ്തുത പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 24-3-2023-ന് റഫർ ചെയ്തു (അനുബന്ധം II).

2. പ്രസ്തുത അവകാശലംഘന നോട്ടീസിൻമേൽ 11-5-2023-ലെ കത്ത് മുഖേന ഡോ. ഹാരിസ് ചിറയ്ക്കലിൽ നിന്നും വിശദീകരണം തേടി. (അനുബന്ധം III). ആയതിന് ഡോ. ഹാരിസ് ചിറയ്ക്കൽ 16-5-2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ വിശദീകരണത്തിൽ (അനുബന്ധം IV), തിരുവനന്തപുരം മെഡിക്കൽ കോളേജ് ടീച്ചേഴ്സ് മാത്രമുള്ള ഒരു Closed Watsapp Group ആണ് KGMCTA Official എന്നും " കുറെ ഡോക്ടർമാർ തല്ല് ചോദിച്ചു വാങ്ങുകയാണ്" എന്ന എം.എൽ.എ.യുടെ പ്രസ്താവനയ്ക്കെതിരെ ഉള്ള തന്റെ അഭിപ്രായം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തതെന്നും ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും നിരന്തരമായി ആക്രമിക്കപ്പെടുന്ന സന്ദർഭത്തിലാണ് ഇപ്രകാരം പ്രതിഷേധിക്കാനിടയായതെന്നും പരാമർശിച്ചിട്ടുണ്ട്. കൂടാതെ കൃത്യനിർവ്വഹണത്തിൽ നാളിതുവരെ വീഴ്ച വരുത്താത്ത താൻ ബഹു. അംഗത്തെ ഭീഷണിപ്പെടുത്തുകയോ അസഭ്യം പറയുകയോ ചെയ്തിട്ടില്ലെന്നും തന്റെ പ്രതികരണത്തിൽ ഏതെങ്കിലും മോശമായ പദങ്ങൾ കടന്നുവന്നിട്ടുണ്ടെങ്കിൽ ബഹു. അംഗത്തിനോട് നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും അറിയിച്ചു. സമിതിയുടെ 6-6-2023-ന് ചേർന്നയോഗം, ഡോ.ഹാരിസ് ചിറയ്ക്കലിന്റെ വിശദീകരണം പരിശോധിക്കുകയും ഡോക്ടറുടെ വിശദീകരണം സംബന്ധിച്ചുള്ള ശ്രീ. കെ. ബി.ഗണേഷ് കുമാർ, എം.എൽ.എ.-യുടെ പ്രതികരണം ആരായുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. 4-10-2023-ന് ചേർന്ന സമിതി യോഗത്തിൽ നേരിട്ട് ഹാജരായി ഡോ. ഹാരിസ് ചിറയ്ക്കലിന്റെ മറുപടിയിൻമേലുള്ള പ്രതികരണം രേഖപ്പെടുത്തി.

3. ഡോ. ഹാരിസ് ചിറയ്ക്കൽ സ്ഥിരമായി നിയമസഭാ സാമാജികരെ കുറിച്ച് മോശം പരാമർശം നടത്താറുണ്ടെന്നും തന്നെപ്പറ്റി മോശമായി പരാമർശം നടത്തിയതു കൂടാതെ തന്റെ പരേതനായ പിതാവിനെക്കുറിച്ചും വളരെ മോശമായ പരാമർശം നടത്തുകയുണ്ടായെന്നും ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമിതി മുൻപാകെ വ്യക്തമാക്കി. ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നൊരു വാട്സ്ആപ്പ് ഗ്രൂപ്പ്, ഗവൺമെന്റ് മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം ഡോ. ഹാരിസ് ചിറയ്ക്കൽ എന്നയാളുടെ ഫെയ്സ്ബുക്ക് പേജ് എന്നിവയിലൂടെ അദ്ദേഹം ഏറ്റവും ആക്ഷേപകരവും നിന്ദ്യവുമായ പദങ്ങൾ ഉപയോഗിച്ച് അസഭ്യം പറയുകയും അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയുണ്ടായെന്നും ആയത് ഒരു എം.എൽ.എ. എന്ന നിലയിലുള്ള തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ബഹു.അംഗം വ്യക്തമാക്കി. ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഫെയ്സ്ബുക്കിലൂടെയോ മറ്റ് സാമൂഹ്യ മാധ്യമങ്ങളിലൂടെയോ എം.എൽ.എ.- മാരെക്കുറിച്ച് അശ്ലീലം പറഞ്ഞതിനെയും മരണപ്പെട്ടുപോയ തന്റെ പിതാവിനെ ഉൾപ്പെടെ അസഭ്യം പറഞ്ഞതിനെയും കേവലം ഒരു ഖേദപ്രകടനത്തിലൂടെ അവസാനിപ്പിക്കാൻ സാധിക്കുന്ന കാര്യമല്ലെന്നും ഖേദം പ്രകടിപ്പിച്ചുള്ള കത്ത് നൽകിയതിന് ശേഷവും ഡോ. ഹാരിസ് ചിറയ്ക്കൽ ഔദ്യോഗിക പദവിയിലുള്ള പൊതുപ്രവർത്തകർക്കെതിരെ നിരവധി അധിക്ഷേപ പോസ്റ്റുകൾ നവമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുതായും ബഹു.അംഗം വ്യക്തമാക്കുകയും ആയത് സംബന്ധിച്ച രേഖകളുടെ സ്ക്രീൻ ഷോട്ടിന്റെ പകർപ്പുകൾ സമിതി മുൻപാകെ ഹാജരാക്കുകയും ചെയ്തു. ഒരു എം.എൽ.എ. എന്ന നിലയിൽ താൻ നിയമസഭയിൽ നടത്തിയ പ്രസംഗമെന്നത് പരിഗണിക്കാതെ ഡോ. ഹാരിസ് ചിറയ്ക്കൽ സോഷ്യൽ മീഡിയയിലൂടെ നടത്തിയ പരാമർശങ്ങൾ ഒരു ഖേദപ്രകടനത്തിലൂടെ അവസാനിപ്പിക്കാൻ കഴിയുന്നതല്ലെന്നും അദ്ദേഹത്തെ സമിതി മുൻപാകെ വിളിച്ചുവരുത്തി വിശദീകരണം തേടണമെന്നും ബഹു.അംഗം ആവശ്യപ്പെട്ടു. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമിതി മുൻപാകെ സമർപ്പിച്ച അധിക്ഷേപ പോസ്റ്റുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിന് ശേഷം അവകാശ ലംഘന നോട്ടീസിൻമേൽ തുടർനടപടികൾ സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

4. സമിതി 17-10-2023-ന് യോഗം ചേരുകയും പ്രസ്തുത അധിക്ഷേപ പോസ്റ്റുകൾ പരിശോധിയ്ക്കുകയും 2023 നവംബർ 15-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി പ്രസ്തുത അവകാശലംഘന നോട്ടീസിൻമേൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിൻ പ്രകാരം 2023 നവംബർ 15-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് ചേരുന്ന സമിതി യോഗത്തിൽ ഹാജരാകണമെന്നാവശ്യപ്പെട്ട് ഡോ. ഹാരിസ് ചിറയ്ക്കലിന് 27-10-2023-ന് രജിസ്റ്റേർഡ് തപാൽ മുഖേന കത്തയച്ചു. എന്നാൽ പ്രസ്തുത യോഗം കമ്മിറ്റിയുടെ അസൗകര്യം നിമിത്തം മാറ്റിവയ്ക്കുകയും പ്രസ്തുത വിവരം ഡോ. ഹാരിസ് ചിറയ്ക്കലിനെ അറിയിക്കുകയും ചെയ്തു. സമിതിയുടെ 16-5-2024-ന് ചേർന്ന യോഗത്തിൽ, സമിതിയുടെ

അടുത്ത യോഗം 30-5-2024-ന് ചേരുന്നതിനായും പ്രസ്തുത യോഗത്തിൽ ഡോ. ഹാരിസ് ചിറയ്ക്കലിനോട് സമിതി മുമ്പാകെ തെളിവെടുപ്പിനായി ഹാജരാകണമെന്ന് ആവശ്യപ്പെടുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം ഡോ. ഹാരിസ് ചിറയ്ക്കലിന് 17-5-2024-ന് രജിസ്റ്റേർഡ് തപാലായി കത്തയയ്ക്കുകയും ചെയ്തു. കത്ത് കൈപ്പറ്റിയ ഡോ. ഹാരിസ് ചിറയ്ക്കൽ 22-5-2024-തീയതിയായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള വിവരം കത്ത് മുഖേന സമിതിയെ അറിയിച്ചു.

5. പ്രസ്തുത കത്തിൽ താൻ നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം മേധാവിയും യൂറോളജി 1-ാം യൂണിറ്റിന്റെ ചീഫുമാണെന്നും തന്റെ ഒ.പി.ദിവസം വ്യാഴാഴ്ചയാണെന്നും പ്രസ്തുത യൂണിറ്റിൽ രണ്ട് ഡോക്ടർമാർ മാത്രമാണ് ഫാക്കൽറ്റികളെന്നും എകദേശം 250-ൽ പരം രോഗികൾ പ്രസ്തുത ദിവസം ഒ.പി.-യിൽ ചികിത്സ തേടാറുണ്ടെന്നും ഡിപ്പാർട്ട്മെന്റ് മേധാവി ആയത് കൊണ്ട് തന്നെ കേരളത്തിലെ വിദൂരസ്ഥലങ്ങളിൽ നിന്ന് പോലും രോഗികൾ എത്താറുണ്ടെന്നും ഇത്രയും പേർ വരുന്ന ദിവസമായ 30-5-2024-വ്യാഴാഴ്ച ഒ.പി.-യിൽ നിന്ന് മാറി നിൽക്കുന്നത് ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്നും "ഒ.പി.-യിൽ ഡോക്ടർ ഇല്ല" എന്നുള്ള പരാതി ഉണ്ടാകാനിടയുണ്ടെന്നും മെഡിക്കൽ കോളേജിനും സർക്കാരിനും പഴി കേൾക്കേണ്ടി വരുമെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ അറിയിച്ചു. ആയതിനാൽ ഒ.പി. ദിവസങ്ങളായ തിങ്കൾ, വ്യാഴം ഓപ്പറേഷൻ ഉള്ള ദിവസങ്ങളായ വെള്ളി, ചൊവ്വ എന്നിവ ഒഴിവാക്കി ബുധൻ, ശനി ദിവസങ്ങളിൽ പ്രസ്തുത തെളിവെടുപ്പ് നടത്തിയാൽ ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതെ തനിക്ക് സമിതി മുമ്പാകെ ഹാജരാകാൻ സാധിക്കുമായിരുന്നുവെന്നും സമിതിയുടെ ഉചിതമായ പരിഗണന പ്രതീക്ഷിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ കത്തിലൂടെ വ്യക്തമാക്കി. പ്രസ്തുത കത്ത് 30-5-2024-ന് ചേർന്ന സമിതി യോഗം പരിഗണിക്കുകയും 5-6-2024-ബുധനാഴ്ച ചേരുന്ന സമിതിയുടെ അടുത്ത യോഗത്തിൽ ഡോ.ഹാരിസ് ചിറയ്ക്കലിനെ വിളിച്ചു വരുത്തി തെളിവെടുപ്പ് നടത്തുന്നതിനായി തീരുമാനിക്കുകയും ചെയ്തു. 5-6-2024-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതിക്ക് മുൻപാകെ തെളിവെടുപ്പിനായി ഹാജരാകുകയും താഴെ പറയുന്ന കാര്യങ്ങൾ സമിതിയിൽ ബോധിപ്പിക്കുകയും ചെയ്തു.

6. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 194(1)-പ്രകാരം സഭയ്ക്കുള്ളിൽ അഭിപ്രായപ്രകടനം നടത്താൻ അംഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടെന്നിരിക്കെ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ 13-3-2023-ന് സഭയിൽ നടത്തിയ പ്രസംഗത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ അധിക്ഷേപ പോസ്റ്റുകൾ ഇടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കാമോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത സംഭവത്തിൽ തന്റെ ഭാഗത്തുനിന്ന് തെറ്റുപറ്റിയിട്ടുള്ളതായും ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. നിയമസഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളെ വിമർശിച്ചുകൊണ്ട് കെ.ജി.എം.സി.ടി. അസോസിയേഷന്റെ വാട്ട്സ്ആപ് ഗ്രൂപ്പിൽ ഒരു പോസ്റ്റ് ഇട്ടിരുന്നുവെന്നും ആയത് ഒരു

ക്ലോസ്ഡ് ഗ്രൂപ്പായതിനാൽ ഇക്കാര്യം പുറത്ത് പ്രചരിക്കില്ലെന്ന ധാരണയിലാണ് അങ്ങനെ ചെയ്തതെന്നും എന്നാൽ തന്നോട് ശത്രുതയുള്ള ഗ്രൂപ്പിലെ ഒരംഗം പ്രസ്തുത പോസ്റ്റ് ബഹു.അംഗത്തിന് അയച്ചുകൊടുക്കുകയാണുണ്ടായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. 70 ശതമാനത്തോളം ഡോക്ടർമാർ കുഴപ്പക്കാരല്ലെന്നും ബാക്കി 30 ശതമാനം ഡോക്ടർമാർ തല്ലുകൊള്ളുന്നതിൽ കുറ്റം പറയാൻ സാധിക്കില്ലെന്നും ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. നടത്തിയ പരാമർശം തനിക്ക് വളരെയധികം വിഷമമുണ്ടാക്കിയതായും തന്റെ അദ്ധ്യാപകനായിരുന്ന ഡോ. ആർ. സി. ശ്രീകുമാറിനെതിരെയാണ് ബഹു. അംഗം സഭയിൽ ഇത്തരം പരാമർശം നടത്തിയതെന്നും ആയതിനാലാണ് താൻ അല്പം വൈകാരികമായി പ്രതികരിക്കാനിടയായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ ബോധിപ്പിച്ചു. താൻ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗം മേധാവിയായി ജോലി ചെയ്യുകയാണെന്നും 1997-ൽ പരിയാരം മെഡിക്കൽ കോളേജിൽ സർവ്വീസിൽ പ്രവേശിച്ച തന്റെ 26 വർഷത്തെ സർവ്വീസ് കാലഘട്ടത്തിൽ രോഗികളുടെയോ സഹപ്രവർത്തകരുടെയോ ഭാഗത്തുനിന്നും തന്നെക്കുറിച്ച് യാതൊരു പരാതികളുമുണ്ടായിട്ടില്ലെന്നും നാളിതുവരെയും രോഗികളിൽനിന്ന് കൈക്കൂലിയോ ലാബുകളിൽനിന്ന് കമ്മീഷനോ വാങ്ങിയിട്ടില്ലെന്നും ചില സന്ദർഭങ്ങളിൽ അറിയാതെ വൈകാരികമായി പ്രതിഷേധിക്കുന്നത് തന്റെ സ്വഭാവദൂഷ്യമാണെന്നും ആയത് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്ക് വിഷമമുണ്ടാക്കിയതിൽ താൻ അങ്ങേയറ്റം ഖേദിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ വ്യക്തമാക്കി.

7. ശ്രീ.കെ.ബി.ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ നടത്തിയ അധിക്ഷേപ പരാമർശം കുറച്ച് പേരടങ്ങുന്ന ഗ്രൂപ്പിലാണ് പോസ്റ്റ് ചെയ്തതെങ്കിലും അതിലൂടെ അംഗത്തെക്കുറിച്ച് മോശപ്പെട്ട അഭിപ്രായം ഉണ്ടാകാൻ ഇടയായിട്ടുണ്ടെന്നുള്ള സമിതിയുടെ വിലയിരുത്തലിന് അക്കാര്യം താൻ സമ്മതിക്കുന്നുവെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. നിയമസഭാംഗങ്ങൾക്ക് ഭരണഘടന നൽകുന്ന ചില പരിരക്ഷകളുണ്ടെന്ന് താങ്കൾക്ക് അറിയാമോ എന്നും അംഗങ്ങൾ സഭയിൽ നടത്തിയ പ്രസംഗത്തെ അധിക്ഷേപിച്ചുകൊണ്ട് പോസ്റ്റിടുന്നത് നിയമസഭാംഗത്തോട് മാത്രമല്ല നിയമസഭയോടും കൂടിയുള്ള അവഹേളനമാണെന്ന കാര്യം ബോധ്യമുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റിയതായും ഇത് ഇത്രയും ഗൗരവമുള്ള വിഷയമാണെന്ന് അറിഞ്ഞിരുന്നില്ലെന്നും ഇപ്രകാരം സംഭവിച്ചത് തന്റെ അറിവില്ലായ്മ കൊണ്ടാണെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

8. ഖേദപ്രകടനം നടത്തിയശേഷവും ഇതുപോലുള്ള അധിക്ഷേപ കമന്റുകൾ പോസ്റ്റ് ചെയ്തുവെന്നത് പ്രധാനപ്പെട്ട വിഷയമാണെന്നുള്ള സമിതിയുടെ അഭിപ്രായത്തിന്, ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ പേരെടുത്തുപറഞ്ഞ് അദ്ദേഹത്തെ കുറ്റപ്പെടുത്തി വാട്ട്സ്ആപ് ഗ്രൂപ്പിൽ പോസ്റ്റിട്ടുവെന്നുള്ളത് സത്യം തന്നെയാണെന്നും വേറൊരു ഗ്രൂപ്പിലും താൻ അത് ഷെയർ ചെയ്തിട്ടില്ലെന്നും പിന്നീട് അദ്ദേഹത്തെ

വിമർശിച്ചിട്ടില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. ഫേസ്ബുക്കിൽ സർക്കാരിനെ വിമർശിച്ചുകൊണ്ട് ധാരാളം പോസ്റ്റുകളിട്ടിട്ടുണ്ടെന്നും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനും മറ്റ് മന്ത്രിമാർക്കുമെതിരെ നവമാധ്യമങ്ങളിലൂടെ നടത്തിയിട്ടുള്ള അധിക്ഷേപ പോസ്റ്റുകളുടെ രേഖ സമിതിയുടെ കൈവശമുണ്ടെന്നും ഇങ്ങനെ സംഭവിക്കാൻ കാരണം എന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് തന്റെ ഭാഗത്ത് നിന്ന് അങ്ങനെ ഒരു തെറ്റുപറ്റിപ്പോയതായും ഇനി ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. മുൻ മന്ത്രി ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ളവർക്കെതിരെ മോശമായ പദപ്രയോഗങ്ങൾ നടത്തിയതും, ശ്രീ. കെ. എൻ. ബാലഗോപാൽ ഉൾപ്പെടെയുള്ള മന്ത്രിമാരെപ്പറ്റി ഫേസ്ബുക്കിൽ നടത്തിയ പരാമർശങ്ങളും ശരിയാണ് എന്ന് കരുതുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് , അത് ശരിയല്ലെന്ന് താൻ തീർച്ചയായും സമ്മതിക്കുന്നുവെന്നും സോഷ്യൽ മീഡിയയെക്കുറിച്ച് പരിമിതമായ അറിവുമാത്രമേ തനിക്കുള്ളൂവെന്നും ഇക്കാര്യത്തിൽ തെറ്റുപറ്റിപ്പോയതായി സമ്മതിക്കുന്നുവെന്നും മേലിൽ ഇത് ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

9. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ ഇത്തരമൊരു പ്രകോപനത്തിന് ഇടവരാൻ കാരണമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗം മാത്രമല്ല തൊട്ടടുത്ത ദിവസങ്ങളിൽ മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖങ്ങളിലും പിന്നീട് യുട്യൂബിലൂടെയും ഡോക്ടർമാരെക്കുറിച്ച് ചില മോശപ്പെട്ട പ്രയോഗങ്ങൾ നടത്തിയതായും ഡോക്ടർമാരുടെ സംഘടനകളുടെ പേരെടുത്ത് പറഞ്ഞ് അവരൊക്കെ തല്ലുകൊള്ളേണ്ടവരാണെന്ന പരാമർശം നടത്തുകയുണ്ടായെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ അറിയിച്ചു. എല്ലാ ദിവസവും ഭീഷണി നേരിടുന്ന സമൂഹമാണ് ഡോക്ടർമാരുടേതെന്നും ഡോക്ടർമാരെ പല രീതിയിലും അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുണ്ടാകാറുണ്ടെന്നും തന്റെ അദ്ധ്യാപകനായ ഡോ. ആർ. സി. ശ്രീകുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാരെ മോശമായി പരാമർശിച്ചത് കേട്ടപ്പോൾ പെട്ടെന്നുണ്ടായ രോഷത്തിൽ ചെയ്തുപോയ ഒരു കാര്യമായി ഇതിനെ കാണണമെന്നും നിയമപരമായ കാര്യങ്ങളിൽ മതിയായ അറിവ് തനിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. നിയമം അറിയില്ല എന്നുള്ളത് ഒരു ഒഴിവുകഴിവ് (Excuse) അല്ല എന്ന കാര്യം മനസ്സിലാക്കേണ്ടതാണെന്നുള്ള സമിതിയുടെ അഭിപ്രായത്തോട് യോജിക്കുന്നതായി ഡോ. ഹാരിസ് ചിറയ്ക്കൽ അറിയിക്കുകയും തുടർ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കിത്തരണമെന്ന് സമിതി മുമ്പാകെ അപേക്ഷിക്കുകയും ചെയ്തു.

## സമിതിയുടെ നിഗമനങ്ങൾ/കണ്ടെത്തലുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. തന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട്

13-3-2023-ന് സഭയിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം തലവനായ ഡോ. ഹാരിസ് ചിറയ്ക്കൽ സാമൂഹിക മാധ്യമങ്ങളിലൂടെ ബഹു. അംഗത്തെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിൽ നിന്നുടലെടുത്തതാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ അവകാശ ലംഘന നോട്ടീസിനാധാരമായ വിഷയം. ഭരണഘടനയുടെ അനുച്ഛേദം 194(1) നിയമസഭാംഗങ്ങൾക്ക് ജനകീയ വിഷയങ്ങൾ നിർഭയമായി സഭയിൽ ഉന്നയിക്കുന്നതിനുള്ള അവകാശം ഉറപ്പ് വരുത്തുന്നു. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സഭയിൽ നടത്തിയ പ്രസംഗത്തെ അധിക്ഷേപിച്ച് കൊണ്ട് ഡോ. ഹാരിസ് ചിറയ്ക്കൽ സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റിട്ടതും തുടർന്നുള്ള അദ്ദേഹത്തിന്റെ സാമൂഹിക മാധ്യമങ്ങളിലെ അഭിപ്രായ പ്രകടനങ്ങളും നിയമസഭാംഗങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാണെന്ന് സമിതി വിലയിരുത്തി. ജനകീയ വിഷയങ്ങളിൽ ഇടപെടുകയും അവ നിയമസഭയിലെ ചർച്ചകളിലൂടെ പരിഹരിക്കുകയും ചെയ്യുന്ന ജനപ്രതിനിധികളെ കാര്യങ്ങളുടെ അന്തഃസ്സത്ത മനസ്സിലാക്കാതെ സോഷ്യൽ മീഡിയകളിലും മറ്റും മോശക്കാരായി ചിത്രീകരിക്കുന്ന പൊതുസമൂഹത്തിലെ ചിലരുടെ, പ്രത്യേകിച്ചും സർക്കാർ ജീവനക്കാരുടെ, പ്രവണത തികച്ചും ആശാസ്യമല്ല എന്ന് സമിതി വിലയിരുത്തി. എന്നാൽ 26 വർഷത്തെ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ ഒരിക്കൽപോലും രോഗികളുടെയോ സഹപ്രവർത്തകരുടെയോ ഭാഗത്ത് നിന്നും ഒരു പരാതിയും തനിക്കെതിരെ ഉണ്ടായിട്ടില്ലെന്നും കൈക്കൂലി, കമ്മീഷൻ, പ്രൈവറ്റ് പ്രാക്ടീസ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുകയോ ശിക്ഷാ നടപടികൾ ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും ഡോക്ടർ അറിയിച്ചത് സമിതി കണക്കിലെടുത്തു. ഖേദപ്രകടനത്തിന് ശേഷവും ചില സ്വീകാര്യമല്ലാത്ത നടപടികൾ ഡോക്ടറുടെ ഭാഗത്ത് നിന്നുണ്ടായതായി സമിതി ചൂണ്ടിക്കാട്ടിയതിന് കൂടുതൽ സമയവും പൊതു സമൂഹത്തിൽ ജോലി ചെയ്യുന്നതിനാൽ വളരെയധികം പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നും സോഷ്യൽ മീഡിയയുടെ റീച്ചിനെക്കുറിച്ച് പരിമിതമായ അറിവേ തനിക്കുള്ളൂവെന്നും നിയമപരമായ കാര്യങ്ങളിൽ മതിയായ അറിവ് തനിക്കില്ലെന്നുമുള്ള ഡോക്ടറുടെ മറുപടി സമിതി വിലയിരുത്തി. എല്ലാ ദിവസവും ഭീഷണി നേരിടുന്ന സമൂഹമാണ് ഡോക്ടർമാരുടേതെന്നും ഡോക്ടർമാരെ പല രീതിയിലും അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുണ്ടാകാറുണ്ടെന്നും തന്റെ അദ്ധ്യാപകൻ ഉൾപ്പെടെയുള്ള ഡോക്ടർമാരെ മോശമായി പരാമർശിച്ചത് കേട്ടപ്പോൾ പെട്ടെന്നുണ്ടായ രോഷത്തിൽ ചെയ്തുപോയ ഒരു കാര്യമായി ഇതിനെ കാണണമെന്നും ആയത് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്ക് വിഷമം ഉണ്ടാക്കിയതിൽ താൻ അങ്ങേയറ്റം ഖേദിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ സ്ഥാപനങ്ങളിൽ മാത്രം പഠിച്ചത് കൊണ്ടും Public Money ഉപയോഗിച്ചത് കൊണ്ടും ആ കടപ്പാട് അനുസരിച്ചുള്ള സേവനം തിരിച്ച് കൊടുക്കണമെന്നും സർവ്വീസിൽ നിന്നും വിരമിക്കുന്ന വരെ ഇപ്രകാരം തന്നെ സേവനമനുഷ്ഠിക്കണമെന്നതാണ് തന്റെ ആഗ്രഹമെന്നും തന്റെ ഭാഗത്തുനിന്നുമുണ്ടായ തെറ്റുകൾ മാപ്പാക്കി അവകാശ ലംഘന നോട്ടീസിന്മേലുള്ള തുടർനടപടിയിൽനിന്ന് ഒഴിവാക്കിത്തരണമെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഡോ. ഹാരിസ് ചിറയ്ക്കലിന്റെ ഖേദപ്രകടനവും അഭ്യർത്ഥനയും പരിഗണിച്ച് മേലിൽ ഇത്തരം പരാമർശങ്ങൾ ആവർത്തിക്കരുതെന്ന് ഡോ. ഹാരിസ് ചിറയ്ക്കലിന് താക്കീതോടെ അവകാശ ലംഘന നോട്ടീസിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാമെന്ന നിഗമനത്തിൽ സമിതി എത്തിച്ചേർന്നു.

## സമിതിയുടെ ശിപാർശ

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിൽ പരാമർശിച്ചിരിക്കുന്നതും തന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളതുമായ പ്രവൃത്തിയിൽ താൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും അറിവില്ലായ്മ കൊണ്ട് സംഭവിച്ച തെറ്റ് മേലിൽ ആവർത്തിക്കില്ലെന്നും തുടർ നടപടിയിൽനിന്ന് ഒഴിവാക്കിത്തരണമെന്നുമുള്ള ഡോ. ഹാരിസ് ചിറയ്ക്കലിന്റെ അഭ്യർത്ഥനയും ഖേദപ്രകടനവും മുഖവിലയ്ക്കെടുത്ത് നിയമസഭാ സാമാജികരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന തരത്തിലുള്ള ഇത്തരം പ്രവൃത്തികൾ മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടെ ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെയുള്ള അവകാശലംഘന നോട്ടീസിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2024 ജൂലൈ 1.

**മുരളി പെരുനെല്ലി**
*ചെയർമാൻ ,*
*പ്രിവിലേജസ് , എഥിക്സ് എന്നിവ*
*സംബന്ധിച്ച സമിതി .*

അനുബന്ധം 1

കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

*കേരള നിയമസഭ.* 15-3-2023.

ബഹുമാനപ്പെട്ട സ്പീക്കർ സർ,

13-3-2023 തിങ്കളാഴ്ച കേരള നിയമസഭയിൽ ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥനാ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിധവയും നിർദ്ധനയുമായ ഒരു സ്ത്രീയ്ക്ക് ഡോക്ടർമാരിൽ നിന്നും ഉണ്ടായ ക്രൂരമായ അവഗണനയെ സംബന്ധിച്ച് ഞാൻ പരാമർശിച്ചിരുന്നു. നിയമസഭയ്ക്കുള്ളിൽ നടത്തിയ പ്രസ്തുത പ്രസംഗത്തിന്റെ പേരിൽ ഒരു വിഭാഗം ഡോക്ടർമാർ കേരളാ ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KGMCTA TVM Official) എന്ന പേരിലുള്ള വാട്സ് ആപ് കൂട്ടായ്മയിലും, Haris Chirackal എന്നയാളുടെ ഫേസ് ബുക്ക് പേജിലും മറ്റു സാമൂഹ്യ മാധ്യമ പേജുകളിലും ഏറ്റവും ആക്ഷേപകരവും നിന്ദ്യവുമായ പദങ്ങൾ ഉപയോഗിച്ച് എന്നെ അസഭ്യം പറയുകയും അധിക്ഷേപിക്കുകയും ഭീക്ഷണിപ്പെടുത്തുകയും ചെയ്തുവരികയാണ്. വാട്സ് ആപ് കൂട്ടായ്മയിൽ Haris Dr Uro എന്ന പേരിൽ ഏറ്റവും കൂടുതൽ അസഭ്യ പ്രചരണം പോസ്റ്റ് ചെയ്തിട്ടുള്ളയാൾ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ജോലി ചെയ്യുന്ന ഡോക്ടറാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. മരണപ്പെട്ടുപോയ എന്റെ പിതാവിനെക്കുറിച്ചു പോലും ഏറ്റവും നിന്ദ്യവും ഹീനവുമായ ആക്ഷേപമാണ് ടിയാൻ പ്രസ്തുത പോസ്റ്റുകളിൽ നടത്തിയിട്ടുള്ളത്. ഇത് എന്റെ മനസ്സിൽ വളരെ കഠിനമായ വേദന സൃഷ്ടിച്ചിട്ടുള്ളതാണ്.

നിയമസഭാംഗം എന്ന നിലയിലുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി നിയമസഭയ്ക്കുള്ളിൽ നടത്തിയ പ്രസംഗം സഭയുടെ ഭരണഘടനാപരമായ പരിരക്ഷയുള്ളതാണ്. ഒരു സർക്കാർ ജീവനക്കാരൻ ആ പ്രസംഗത്തെ അസഭ്യ ഭാഷയിൽ അധിക്ഷേപിക്കുകയും പരസ്യമായി ഭീക്ഷണിപ്പെടുത്തുകയും ചെയ്ത നടപടി നിയമസഭാംഗത്തിന്റെ അവകാശ ലംഘനമാണ്. സർക്കാർ സർവ്വീസിലുള്ള മറ്റു ചില ആളുകളും ഇത് ഷെയർ ചെയ്യുകയും നിന്ദ്യമായ കമന്റുകൾ എഴുതുകയും ചെയ്തിട്ടുണ്ട്. അധിക്ഷേപ പോസ്റ്റുകളുടെ ലഭ്യമായ സ്ക്രീൻ ഷോട്ടുകളും ഈ പരാതിയോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. നിയമസഭാ പ്രസംഗത്തിന്റെ പേരിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ സഭ്യമല്ലാത്ത ഭാഷയിൽ പ്രചരണം നടത്തി ബോധപൂർവ്വം അപമാനിക്കുകയും ആക്ഷേപിക്കുകയും അപകീർത്തി ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്ത ടിയാളുകൾക്കെതിരെ അവകാശലംഘനത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

അനുബന്ധം 2

## പതിനഞ്ചാം കേരള നിയമസഭ

# ബുള്ളറ്റിൻ ഭാഗം-2

2023 ഏപ്രിൽ 12

നമ്പർ:383

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ശ്രീ.ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.

തന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട് താൻ നിയമസഭയിൽ 13-3-2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ, കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KGMCTA TVM Official) എന്ന പേരിലുള്ള വാട്സ് ആപ്പ് കൂട്ടായ്മയിലും, ഹാരിസ് ചിറയ്ക്കൽ എന്നയാളുടെ ഫേസ് ബുക്ക് പേജിലും (Haris Chirackal) മറ്റ് സാമൂഹിക മാധ്യമ പേജുകളിലും തന്നെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു വരുന്നതായും, ഏറ്റവും കൂടുതൽ അസഭ്യ പ്രചരണം നടത്തിയ ഹാരിസ് ചിറയ്ക്കൽ എന്ന വ്യക്തി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം ഡോക്ടറാണെന്നും, നിയമസഭയ്ക്കുള്ളിൽ താൻ നടത്തിയ പ്രസംഗത്തെ ഇത്തരത്തിൽ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത ടിയാനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 24-3-2023-ന് റഫർ ചെയ്തിരിക്കുന്നു.

**എ. എം. ബഷീർ,**

*സെക്രട്ടറി.*

<u>അനുബന്ധം 3</u>

നമ്പർ.6532/ടേബിൾ-2/2023/നി.സെ. തിരുവനന്തപുരം,

11-5-2023.

സെക്രട്ടറി,
കേരള നിയമസഭ.

ഡോ. ഹാരിസ് ചിറയ്ക്കൽ,
യൂറോളജി വിഭാഗം,
മെഡിക്കൽ കോളേജ്
തിരുവനന്തപുരം-695 011.

സർ,

വിഷയം:- പതിനഞ്ചാം കേരള നിയമസഭ-ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ്-സംബന്ധിച്ച്.

സൂചന:- ബഹു.അംഗത്തിന്റെ 15-3-2023-ലെ കത്ത്.

തന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട് നിയമസഭയിൽ താൻ 13-3-2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ, കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KGMCTA TVM Official) എന്ന പേരിലുള്ള വാട്സ് ആപ്പ് കൂട്ടായ്മയിലും, ഹാരിസ് ചിറയ്ക്കൽ എന്ന ഫേസ് ബുക്ക് പേജിലും (Haris Chirackal) മറ്റ് സാമൂഹിക മാധ്യമ പേജുകളിലും തന്നെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത താങ്കൾക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. നൽകിയ നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 24-3-2023-ന് റഫർ ചെയ്തിരുന്നു. സമിതിയുടെ 11-5-2023-ന് ചേർന്ന യോഗത്തിൽ പ്രസ്തുത അവകാശ ലംഘന നോട്ടീസ് പരിഗണനയ്ക്കെടുക്കുകയും, ഇക്കാര്യത്തിൽ താങ്കളുടെ വിശദീകരണം തേടുവാൻ തീരുമാനിക്കുകയും ചെയ്തു.

ആയതിനാൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ താങ്കൾക്ക് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് മുൻപാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ കത്ത് കൈപ്പറ്റി രണ്ട് ആഴ്ചയ്ക്കുള്ളിൽ ഈ സെക്രട്ടേറിയറ്റിൽ രേഖാമൂലം ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

നിർദ്ദിഷ്ട സമയത്തിനുള്ളിൽ മറുപടി ലഭ്യമാക്കിയില്ലെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ,

ഉള്ളടക്കം:- ബുള്ളറ്റിൻ ഭാഗം-2 നമ്പർ 383

**ആർ. നന്ദകുമാർ,**

*അണ്ടർ സെക്രട്ടറി,*
*സെക്രട്ടറിക്കുവേണ്ടി.*

അനുബന്ധം 4

From,

Dr. Haris. C.H.
Professor Urology
Medical College, Trivandrum
Kerala, Medical College. P.O., Pin 695 011
Mob : 9946998652
Email : drharish@gmail.com

To

The Secretary
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

Respected Sir,

വിഷയം : ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. സമർപ്പിച്ച അവകാശ ലംഘന നോട്ടീസിന്മേൽ എന്റെ വിശദീകരണം തേടിയുള്ള കത്തിന്റെ മറുപടി.

സൂചന : 15-5-2023 ന് ഞാൻ കൈപ്പറ്റിയ No.6532/ടേബിൾ -2/2023/നി.സെ Dt. 11-5-2023 ലെ കത്ത്.

13-3-2023-ന് ബഹുമാനപ്പെട്ട എം.എൽ.എ നിയമസഭയിൽ ഒരു രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് നടത്തിയ പ്രസംഗത്തിൽ “70 % ഡോക്ടർമാർ കുഴപ്പമില്ലാത്തവരാണ്. ബാക്കിയുള്ള ഡോക്ടർമാർക്ക് തല്ല് കിട്ടുന്നതിൽ കുഴപ്പമില്ല " എന്ന ഗുരുതരമായ പ്രത്യാഘാതം ഉളവാക്കുന്ന പ്രസ്താവനയെ വിമർശിച്ച് KGMCT official എന്ന വാട്സാപ്പ് ഗ്രൂപ്പിൽ ഞാൻ രണ്ട് പോസ്റ്റുകൾ ഇട്ടിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്ന 358 മെഡിക്കൽ ടീച്ചേഴ്സ് മാത്രമുള്ള ഒരു ക്ലോസ്ഡ് ഗ്രൂപ്പാണ് KGMCT official. രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് എം.എൽ.എ യുടെ പരാതിയിൽ ആയിരുന്നില്ല എന്റെ അഭിപ്രായം. മറിച്ച് " കുറേ ഡോക്ടർമാർ തല്ല് ചോദിച്ചുവാങ്ങുകയാണ് ", അവരെ തല്ലുന്നതിൽ കുറ്റംപറയാൻ സാധിക്കില്ല" തുടങ്ങിയ തീവ്രമായ അദ്ദേഹത്തിന്റെ പ്രസ്താവനയ്ക്ക് എതിരെ ഞങ്ങളുടെ സംഘടനയുടെ ഒഫീഷ്യൽ ഗ്രൂപ്പിൽ എന്റെ അഭിപ്രായം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത്. അസംബ്ലിയിൽ അദ്ദേഹം ചെയ്ത പ്രസ്താവന ബഹുമാനപ്പെട്ട സെക്രട്ടറി പരിശോധിക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽപ്പറഞ്ഞ പ്രസ്താവന യൂ ട്യൂബിൽ വീഡിയോ ആക്കുകയും ലക്ഷക്കണക്കിന് പ്രേക്ഷകർ അത് കാണുകയും ചെയ്തു. അടുത്ത ദിവസങ്ങളിൽ മാധ്യമങ്ങൾക്ക് (ഓൺലൈൻ) അദ്ദേഹം വീണ്ടും അഭിമുഖം നൽകുകയും "ഞാൻ പറഞ്ഞ പ്രസ്താവനയിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു" എന്ന് ആവർത്തിച്ചു പറഞ്ഞ യൂ ട്യൂബ് വീഡിയോകളും ഇന്റർ നെറ്റിൽ ലഭ്യമാണ്.

ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും തുടർച്ചയായി ആക്രമിക്കപ്പെടുന്നത് നിത്യസംഭവമായിരിക്കുന്നു. എം.എൽ.എ. യുടെ പ്രസ്താവനയ്ക്ക് ആഴ്ചകൾക്കുള്ളിൽ തന്നെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന് സമീപം (കൊട്ടാരക്കര) ഒരു യുവ ഡോക്ടർ രോഗിയുടെ കുത്തേറ്റ് മരിക്കുന്ന ഏറെ ദുഃഖകരമായ സംഭവം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

1998 ൽ മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗത്തിൽ ലക്ചറർ ആയി ജോലി തുടങ്ങി 25 വർഷം പൂർത്തിയാക്കിയ ഒരു മെഡിക്കൽ അദ്ധ്യാപകനും പ്രൊഫസറും ഡോക്ടറും ആണ് ഞാൻ. ആയിരക്കണക്കിന് വിദ്യാർത്ഥികളെ പഠിപ്പിച്ച് ഡോക്ടർമാരാക്കാൻ ഈ കാലയളവിൽ സാധിച്ചു. എന്റെ ഭാര്യയും രണ്ട് മക്കളും ഡോക്ടർമാരാണ്. ഇവരെയൊക്കെ നാട്ടുകാർ തല്ലുന്നത് എനിക്ക് സഹിക്കാൻ കഴിയുന്ന കാര്യമല്ല. ഉന്നതനായ ഒരു ജനപ്രതിനിധി ഇത്രയും നിരുത്തരപരമായ പ്രസ്താവന നടത്തിയതിൽ ഉള്ള പ്രതിഷേധം മാത്രമാണ് ഞാൻ അറിയിച്ചത്.

എന്റെ ഔദ്യോഗിക ജീവിതത്തിൽ ഒരിക്കൽ പോലും കൈക്കൂലി, കമ്മീഷൻ, പ്രൈവറ്റ് പ്രാക്ടീസ് തുടങ്ങിയ ഏതെങ്കിലും മോശമായ പ്രവർത്തികളിൽ ഏർപ്പെടുകയോ ശിക്ഷണ നടപടികൾ ലഭിക്കുകയോ ചെയ്തിട്ടില്ല. 2022 ജൂൺ മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പരാജയപ്പെട്ട സംഭവം വളരെ വാർത്താ പ്രാധാന്യം നേടുകയും പ്രതിഷേധങ്ങൾക്ക് ഇടയാക്കുകയും ചെയ്ത സന്ദർഭത്തിലാണ് എന്നെ കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ ചെയ്തത്. 2023 സെപ്റ്റംബറിൽ ഇവിടെ ജോയിൻ ചെയ്തതിനുശേഷം നാളിതുവരെ 14 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഒരു പരാതിയും കൂടാതെ എന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഒരു രോഗിയിൽ നിന്നും കൈക്കൂലി വാങ്ങുന്ന വ്യക്തിയല്ല ഞാൻ. ഞങ്ങളുടെ സ്ഥാപനത്തിൽ കൈക്കൂലിയും മറ്റ് Malpractice കളും ഉള്ള ചില ഡോക്ടർമാരെ ഞാൻ എതിർക്കാറുണ്ട്. അത്തരം വ്യക്തിപരമായ ശത്രുതയാണ് ഞാൻ എഴുതിയ പോസ്റ്റ് ഗ്രൂപ്പിൽ നിന്ന് ചോർത്തിക്കൊടുത്തത് എന്ന് ഞാൻ സംശയിക്കുന്നു. ഞാൻ പഠിപ്പിച്ചുവിട്ട ഡോക്ടർമാർ പത്തും പതിനഞ്ചും ലക്ഷം രൂപ മാസ ശമ്പളം വാങ്ങുമ്പോൾ വളരെ പരിമിതമായ സൗകര്യങ്ങളിൽ വളരെ ചെറിയ ശമ്പളത്തിന് ജോലി ചെയ്യുന്നത് പൊതുജനാരോഗ്യ സംവിധാനത്തിൽ എനിക്ക് പ്രത്യേക താത്പര്യം ഉള്ളതുകൊണ്ടാണ്.

ബഹുമാനപ്പെട്ട എം.എൽ.എ യെ ഭീഷണിപ്പെടുത്താനുള്ള ആൾബലമോ സമ്പത്തോ കായികബലമോ രാഷ്ട്രീയ പിന്തുണയോ എനിക്ക് ഇല്ല. അദ്ദേഹത്തെ ഞാൻ ഭീഷണിപ്പെടുത്തുകയോ അസഭ്യം പറയുകയോ ചെയ്തിട്ടില്ല. പെട്ടെന്ന് ഉണ്ടായ വികാരക്ഷോഭത്തിൽ എന്റെ പ്രതിഷേധ വാചകങ്ങളിൽ ഏതെങ്കിലും മോശമായി കടന്നുവന്നെങ്കിൽ ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ. യോട് നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Prof.(Dr.) Haris. C.H.
മെഡിക്കൽ കോളേജ്
തിരുവനന്തപുരം.

16-5-2023
TVM

## അനുബന്ധം 5

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2023 മേയ് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2023 മേയ് 11-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗം:

1. ശ്രീ. ടി. പി. രാമകൃഷ്ണൻ.

ഓൺലൈൻ മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. മാത്യു ടി. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം തലവനായ ഡോ. ഹാരിസ് ചിറയ്ക്കൽ എന്ന വ്യക്തിക്കെതിരെ സമർപ്പിച്ചിരുന്ന അവകാശ ലംഘന നോട്ടീസ് സമിതി പരിഗണിക്കുകയും, പ്രസ്തുത അവകാശ ലംഘന നോട്ടീസിന്മേൽ ഡോ. ഹാരിസ് ചിറയ്ക്കലിനോട് രണ്ടാഴ്ചയ്ക്കകം വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 10.50 മണിക്ക് പിരിഞ്ഞു.

അനുബന്ധം 6

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2023 ജൂൺ 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2023 ജൂൺ 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 110-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗം:

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. എച്ച്. സലാം.

ഓൺലൈൻ മുഖേന ഹാജരായ അംഗം:

ശ്രീ. യു. എ. ലത്തീഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ.ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് ( ഫയൽ നമ്പർ-4492/ടേബിൾ-2/2023/ നി.സെ.)

ശ്രീ. കെ. ബി.ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ ഡോ. ഹാരിസ് ചിറയ്ക്കലിന് എന്തെങ്കിലും സമിതി മുമ്പാകെ ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രണ്ടാഴ്ച്ചയ്ക്കകം സമിതി മുമ്പാകെ ലഭ്യമാക്കാൻ നിർദ്ദേശിച്ചതിൻ പ്രകാരം ടിയാന് 11-5-2023-ന് കത്തയയ്ക്കുകയും, അദ്ദേഹം പ്രസ്തുത കത്തിനുള്ള മറുപടി 16-5-2023-ന് ലഭ്യമാക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ടീച്ചേഴ്സ് മാത്രമുള്ള ഒരു Closed Watsapp Group ആണ് KGMCTA Official എന്നും " കുറെ ഡോക്ടർമാർ തല്ല് ചോദിച്ച് വാങ്ങുകയാണ് " എന്ന എം.എൽ.എ.-യുടെ പ്രസ്താവനയ്ക്കെതിരെ ഉള്ള തന്റെ അഭിപ്രായം രേഖപ്പെടുത്തുക

മാത്രമാണ് ചെയ്തതെന്നും, ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും നിരന്തരമായി ആക്രമിക്കപ്പെടുന്ന സന്ദർഭത്തിലാണ് താൻ ഈ പ്രതിഷേധം നടത്തിയതെന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്. നാളിതുവരെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്താത്ത താൻ ബഹു.അംഗത്തെ ഭീഷണിപ്പെടുത്തുകയോ അസഭ്യം പറയുകയോ ചെയ്തിട്ടില്ലെന്നും തന്റെ പ്രതികരണത്തിൽ ഏതെങ്കിലും മോശമായ പദങ്ങൾ കടന്നുവന്നെങ്കിൽ ബഹു.എം.എൽ.എ.യോട് നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും കത്തിലൂടെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യെ പ്രസ്തുത വിവരം അറിയിച്ച് പ്രതികരണം ആരായാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.15 മണിക്ക് പിരിഞ്ഞു.

## അനുബന്ധം 7

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2023 ഒക്ടോബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2023 ഒക്ടോബർ 4-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. ടി. പി. രാമകൃഷ്ണൻ

ഓൺലൈൻ മുഖേന ഹാജരായ അംഗം:

ശ്രീ. റോജി എം. ജോൺ

തെളിവെടുപ്പിന് ഹാജരായ അംഗം:

ശ്രീ. കെ. ബി. ഗണേഷ് കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ശ്രീ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് ( ഫയൽ നമ്പർ-4492/ടേബിൾ-2/2023/നി.സെ. )

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. 13-3-2023-ന് നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം ഡോക്ടർ ഡോ. ഹാരിസ് ചിറയ്ക്കൽ സോഷ്യൽ മീഡിയയിലൂടെ നടത്തിയ ചില പരാമർശങ്ങൾക്കെതിരെ ബഹു.അംഗം നൽകിയ പരാതി പ്രിവിലേജസ് , എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി പരിഗണനയ്ക്കെടുക്കുകയും, ഡോ. ഹാരിസ് ചിറയ്ക്കലിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഡോ. ഹാരിസ് ചിറയ്ക്കൽ ലഭ്യമാക്കിയ

മറുപടിയിൽ നിർവ്യാജമായ ഖേദം പ്രകടിപ്പിച്ചു കൊണ്ടുള്ള നിലപാട് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച ബഹു.എം.എൽ.എ.-യുടെ അഭിപ്രായം സമിതി ആരായുകയുണ്ടായി.

മെഡിക്കൽ കോളേജ് ഡോക്ടർമാർ സ്വകാര്യ ആശുപത്രികൾ നടത്തുന്നുവെന്ന വിഷയം സംബന്ധിച്ചായിരുന്നു 2023 മാർച്ച് 13-ാം തീയതി താൻ നിയമസഭയിൽ നടത്തിയ പ്രസംഗമെന്നും, സ്വകാര്യ ആശുപത്രികൾ നടത്തുന്നതിലുപരി സർക്കാർ മെഡിക്കൽ കോളേജിൽ രോഗികൾക്ക് ശരിയായ ചികിത്സ നൽകാതിരിക്കുകയും അപൂർണ്ണമായ സർജറികൾ ചെയ്യുന്നുവെന്ന കാര്യമായിരുന്നു പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യത്തിൽ അന്വേഷണം നടത്തണമെന്ന് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നിർദ്ദേശിച്ചിരുന്നു. അപൂർണ്ണമായ ശസ്ത്രക്രിയയ്ക്ക് വിധേയയായ സ്ത്രീയുടെ വീഡിയോ സഭയിലുൾപ്പെടെ പ്രദർശിപ്പിച്ചിരുന്നുവെന്നും ബഹു.അംഗം സമിതി മുൻപാകെ വ്യക്തമാക്കി. അപൂർണ്ണമായ ശസ്ത്രക്രിയയ്ക്ക് വിധേയയായ സ്ത്രീയെ താൻ തന്നെ മുൻകൈയെടുത്ത് മറ്റൊരു സ്വകാര്യ ആശുപത്രിയിൽ ചികിത്സിപ്പിക്കുകയും, ആയതിന്റെ ഭാഗമായി അവരുടെ മുറിവ് ഭേദപ്പെടുകയും ആരോഗ്യം വീണ്ടെടുക്കുകയും മൂന്ന് മാസത്തിനുള്ളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന അവസ്ഥയിലെത്തുകയും ചെയ്തുവെന്നും ബഹു. അംഗം സമിതി മുൻപാകെ വ്യക്തമാക്കി.

ഡോ. ഹാരിസ് ചിറയ്ക്കൽ സ്ഥിരമായി എം. എൽ. എ.-മാരെ കുറിച്ച് മോശം പരാമർശം നടത്താറുണ്ടെന്നും, തന്നെപ്പറ്റി മോശമായി പരാമർശം നടത്തിയതു കൂടാതെ തന്റെ മരിച്ചുപോയ പിതാവിനെക്കുറിച്ചും വളരെ മോശമായ പരാമർശം നടത്തുകയുണ്ടായെന്നും, ബഹു.അംഗം സമിതി മുൻപാകെ വ്യക്തമാക്കി. ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നൊരു വാട്സ്ആപ്പ് ഗ്രൂപ്പ്, ഗവൺമെന്റ് മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം ഡോ. ഹാരിസ് ചിറയ്ക്കൽ എന്നയാളുടെ ഫെയ്സ്ബുക്ക് പേജ് എന്നിവയിലൂടെ അദ്ദേഹം ഏറ്റവും ആക്ഷേപകരവും നിന്ദ്യവുമായ പദങ്ങൾ ഉപയോഗിച്ച് അസഭ്യം പറയുകയും അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയുണ്ടായെന്നും, ആയത് ഒരു എം.എൽ.എ. എന്ന നിലയിൽ തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ബഹു.അംഗം വ്യക്തമാക്കി. ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർക്കാരിന്റെ അനുമതി കൂടാതെ ഫെയ്സ്ബുക്കിലൂടെയോ മറ്റ് സാമൂഹ്യമാധ്യമങ്ങളിലൂടെയോ എം.എൽ.എ.-മാരെക്കുറിച്ച് അശ്ലീലം പറഞ്ഞതിനെയും, മരണപ്പെട്ടുപോയ തന്റെ പിതാവിനെ ഉൾപ്പെടെ അസഭ്യം പറഞ്ഞതിനെയും കേവലം ഒരു ഖേദപ്രകടനത്തിലൂടെ അവസാനിപ്പിക്കാൻ സാധിക്കുന്ന കാര്യമല്ലെന്നും, ഖേദം പ്രകടിപ്പിച്ചുള്ള കത്ത് നൽകിയതിന് ശേഷവും സി.പി.ഐ.(എം) എന്ന പാർട്ടിയെക്കുറിച്ച്

2023 മേയ് 30-ന് ടിയാൻ കുറിച്ച പോസ്റ്റ് സി.പി.ഐ.(എം) എന്ന് പറഞ്ഞാൽ 'സി.പി.ഐ.(എം) മിനിക്കൂപ്പർ' എന്നതാണെന്നും, ബഹു. സ്പീക്കർ നടത്തിയ ഒരു പ്രസംഗത്തെയും അധിക്ഷേപിച്ചുകൊണ്ട് അദ്ദേഹം ഫെയ്സ്ബുക്ക് പോസ്റ്റ് ഇട്ടിരുന്നുവെന്നും, 2016-ൽ 72 വയസ്സുള്ള ശ്രീ. ടി. പി. ശ്രീനിവാസൻ ആക്രമിക്കപ്പെട്ട ചിത്രം ഷെയർ ചെയ്തുകൊണ്ട് 'ആരാണ് അടിച്ചതെന്നും എന്തിനാണ് അടിച്ചതെന്നും' ഓർമ്മിപ്പിച്ച് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ചിത്രം കൂടി ചേർത്തിട്ടുള്ള ഫെയ്സ്ബുക്ക് പോസ്റ്റ് സംബന്ധിച്ച രേഖകളും തന്റെ കൈവശമുണ്ടെന്നും, 'കള്ള് പോഷകാഹാരമാണെന്ന് ' പറഞ്ഞ ബഹു.അംഗം ശ്രീ. ഇ. പി. ജയരാജനെ 'പൊതുജന മധ്യത്തിൽ ഉളുപ്പില്ലാതെ വിഡ്ഢിത്തം പറയുന്നയാളാണെന്നും ഇത്തരം ടീമിനെ മാനസിക രോഗ വിദഗ്ദ്ധർ ടെസ്റ്റ് ചെയ്യണമെന്നും' പരോക്ഷമായി സൂചിപ്പിക്കുന്ന പോസ്റ്റും ടിയാൻ ഇട്ടിട്ടുള്ളതായും, ഇതെല്ലാം സമിതി മുമ്പാകെ ഖേദപ്രകടനം നടത്തിയെന്ന് പറഞ്ഞതിന് ശേഷം നടന്ന കാര്യങ്ങളാണെന്നും ബഹു.അംഗം വ്യക്തമാക്കുകയും, ആയത് സംബന്ധിച്ച രേഖകൾ സമിതി മുൻപാകെ ഹാജരാക്കുകയും ചെയ്തു. ഒരു എം.എൽ.എ. എന്ന നിലയിൽ താൻ നിയമസഭയിൽ നടത്തിയ പ്രസംഗമെന്നത് പരിഗണിക്കാതെ ഡോ. ഹാരിസ് ചിറയ്ക്കൽ സോഷ്യൽ മീഡിയയിലൂടെ നടത്തിയ പരാമർശങ്ങൾ ഒരു ഖേദപ്രകടനത്തിലൂടെ അവസാനിപ്പിക്കാൻ കഴിയുന്നതല്ലെന്നും, അദ്ദേഹത്തെ സമിതി മുൻപാകെ വിളിച്ചുവരുത്തി വിശദീകരണം തേടണമെന്നും ബഹു. അംഗം ആവശ്യപ്പെട്ടു. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമിതി മുൻപാകെ സമർപ്പിച്ച അധിക്ഷേപ പോസ്റ്റുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിന് ശേഷം അവകാശലംഘന നോട്ടീസിൻമേൽ തുടർനടപടികൾ സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 17-10-2023-ന് തിരുവനന്തപുരത്ത് കൂടാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് പിരിഞ്ഞു.

<u>അനുബന്ധം 8</u>

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2023 ഒക്ടോബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2023 ഒക്ടോബർ 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. എച്ച്. സലാം.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ശ്രീ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ്</u> (ഫയൽ നമ്പർ - 4492/ടേബിൾ-2/2023/നി.സെ.)

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ 4-10-2023-ന് ചേർന്ന സമിതി യോഗത്തിൽ ബഹു.അംഗം സമിതി മുൻപാകെ ഹാജരാകുകയും ഡോ. ഹാരിസ് ചിറയ്ക്കലിന്റെ വിശദീകരണത്തിൽ താൻ തൃപ്തനല്ലെന്നും, ഖേദ പ്രകടനം നടത്തിയതിന് ശേഷവും ഡോ. ഹാരിസ് ചിറയ്ക്കൽ ഔദ്യോഗിക പദവിയിലുള്ള പൊതുപ്രവർത്തകർക്കെതിരെ നിരവധി അധിക്ഷേപ പോസ്റ്റുകൾ നവമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തതായും, ആയതിനാൽ ടിയാന്റെ ഖേദപ്രകടനം മുഖവിലയ്ക്കെടുക്കാനാകില്ലെന്ന് ചൂണ്ടിക്കാട്ടുകയും, പ്രസ്തുത അധിക്ഷേപ പോസ്റ്റുകളുടെ പ്രിന്റ് ഔട്ട് സമിതി മുൻപാകെ ലഭ്യമാക്കുകയും ചെയ്തിരുന്നു. ആയത് പരിശോധിച്ച സമിതി 2023 നവംബർ 15-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി വിശദീകരണം നൽകണമെന്ന് ആവശ്യപ്പെടുന്നതിനായി തീരുമാനിച്ചു.

യോഗം രാവിലെ 11.20-ന് പിരിഞ്ഞു.

## അനുബന്ധം 9

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2024 മേയ് 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2024 മേയ് 16-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. എച്ച്. സലാം.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

സമിതിയുടെ പരിഗണനയ്ക്കായി ബഹുമാനപ്പെട്ട സ്പീക്കർ റഫർ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന അവകാശലംഘന നോട്ടീസ് സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് (ഫയൽ നമ്പർ - 4492/ടേബിൾ-2/2023/നി.സെ.)

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും 15-11-2023-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകാൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റി വച്ചിരുന്നത് 30-5-2024-ന് നടത്താൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിനുള്ള ചോദ്യാവലി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12.35-ന് പിരിഞ്ഞു.

<u>അനുബന്ധം 10</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2024 മേയ് 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2024 മെയ് 30-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി.ബാലചന്ദ്രൻ
2. ശ്രീ. യു. എ.ലത്തീഫ്
3. ശ്രീ. മാത്യു ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

സമിതിയുടെ പരിഗണനയ്ക്കായി ബഹുമാനപ്പെട്ട സ്പീക്കർ റഫർ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന അവകാശലംഘന നോട്ടീസ് സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ്</u> (ഫയൽ നമ്പർ - 4492/ടേബിൾ-2/2023/നി.സെ.)

സമിതിയുടെ 16-5-2024-ന് ചേർന്ന യോഗത്തിൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ്

പരിഗണിക്കുകയും 15-11-2023-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകാൻ നിശ്ചയിച്ചിരുന്ന യോഗം 30-5-2024-ന് നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം ഡോ. ഹാരിസ് ചിറയ്ക്കലിന് 17-5-2024-ന് രജിസ്റ്റേർഡ് തപാലായി കത്ത് അയച്ചിരുന്നുവെന്നും പ്രസ്തുത കത്തിന് ലഭിച്ച മറുപടിയിൽ ഒഴിവാക്കാൻ സാധിക്കാത്ത ഔദ്യോഗിക കാരണങ്ങളാൽ 30-5-2024- ന് ചേരുന്ന സമിതി യോഗത്തിൽ ഹാജരാകാൻ ബുദ്ധിമുട്ടുണ്ടെന്നും ആശുപത്രി പ്രവർത്തനം തടസ്സപ്പെടുത്താത്ത രീതിയിൽ ബുധൻ, ശനി എന്നീ ദിവസങ്ങളിലൊന്നിൽ തെളിവെടുപ്പ് നടത്തുന്ന പക്ഷം ഹാജരാകാൻ സാധിക്കുമെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ 22-5-2024-ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്ന് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടി കത്തിൽ, താൻ നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം മേധാവിയും യൂറോളജി 1-ാം യൂണിറ്റിന്റെ ചീഫുമാണെന്നും വ്യാഴാഴ്ച തന്റെ ഒ.പി.ദിവസമാണെന്നും ടി യൂണിറ്റിൽ രണ്ട് ഡോക്ടർമാർ മാത്രമാണ് ഫാക്കൽറ്റികളെന്നും എകദേശം 250-ൽ പരം രോഗികൾ പ്രസ്തുത ദിവസം ഒ.പിയിൽ ചികിത്സ തേടാറുണ്ടെന്നും ഡിപ്പാർട്ട്മെന്റ് മേധാവി ആയത് കൊണ്ട് തന്നെ കേരളത്തിലെ വിദൂരസ്ഥലങ്ങളിൽ നിന്ന് പോലും രോഗികൾ എത്താറുണ്ടെന്നും ഇത്രയും പേർ വരുന്ന ദിവസമായ 30-5-2024-വ്യാഴാഴ്ച ഒ.പി.-യിൽ നിന്ന് മാറി നിൽക്കുന്നത് ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്നും "ഒ.പി.-യിൽ ഡോക്ടർ ഇല്ല" എന്നുള്ള പരാതി ഉണ്ടാകാനിടയുണ്ടെന്നും, മെഡിക്കൽ കോളേജിനും സർക്കാരിനും പഴി കേൾക്കേണ്ടി വരുമെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സൂചിപ്പിച്ചിട്ടുണ്ട് . ആയതിനാൽ തിങ്കൾ (ഒ.പി), ചൊവ്വ(ഓപ്പറേഷൻ), വ്യാഴം (ഒ.പി.), വെള്ളി (ഓപ്പറേഷൻ) എന്നീ ദിവസങ്ങൾ ഒഴിച്ച് ബുധൻ, ശനി ദിവസങ്ങളിൽ പ്രസ്തുത തെളിവെടുപ്പ് നടത്തിയാൽ ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതെ തനിക്ക് സമിതി മുമ്പാകെ ഹാജരാകാൻ സാധിക്കുമെന്നും സമിതിയുടെ പരിഗണന പ്രതീക്ഷിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ കത്തിലൂടെ വ്യക്തമാക്കി യിരിക്കുന്നു. ഡോ. ഹാരിസ് ചിറയ്ക്കലിന്റെ കത്ത് സമിതി യോഗം പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2024 ജൂൺ 5-ാം തീയതി ബുധനാഴ്ച രാവിലെ 11.30-മണിക്ക് ചേരുന്ന സമിതിയുടെ അടുത്ത യോഗത്തിൽ ഡോ. ഹാരിസ് ചിറയ്ക്കലിനോട് സമിതി മുമ്പാകെ തെളിവെടുപ്പിനായി ഹാജരാകണമെന്ന് ആവശ്യപ്പെടുന്നതിനായി തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.20-ന് പിരിഞ്ഞു.

## അനുബന്ധം 11

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2024 ജൂൺ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2024 ജൂൺ 5-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി.തോമസ്
3. ശ്രീ. ടി. പി. രാമകൃഷ്ണൻ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം:

1. ശ്രീ. യു. എ. ലത്തീഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി.

തെളിവെടുപ്പിന് ഹാജരായ വ്യക്തി

ഡോ. ഹാരിസ് ചിറയ്ക്കൽ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ ഡോ. ഹാരിസ് ചിറയ്ക്കൽ സമിതിക്ക് മുൻപാകെ തെളിവെടുപ്പിനായി ഹാജരാകുകയും, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടം 197-ൽ വ്യവസ്ഥ ചെയ്യും പ്രകാരം ഇക്കാര്യത്തിൽ നൽകുന്ന തെളിവ് സത്യമാണെന്നും യാതൊന്നും മറച്ചുവയ്ക്കില്ലെന്നും സമിതി മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. തുടർന്ന് സമിതി ഡോ. ഹാരിസ് ചിറയ്ക്കലിൽ നിന്നും താഴെ പറയും പ്രകാരം തെളിവെടുപ്പ് നടത്തി.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 194(1)-പ്രകാരം സഭയ്ക്കുള്ളിൽ അഭിപ്രായ പ്രകടനം നടത്താൻ അംഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടെന്നിരിക്കെ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ 13-3-2023-ന് സഭയിൽ നടത്തിയ പ്രസംഗത്തിനെതിരെ സമൂഹ മാധ്യമങ്ങളിൽ അധിക്ഷേപ പോസ്റ്റുകൾ ഇടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കാമോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത സംഭവത്തിൽ തന്റെ ഭാഗത്തുനിന്ന് തെറ്റുപറ്റിയിട്ടുള്ളതായും ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. നിയമസഭയിൽ പറഞ്ഞ അഭിപ്രായങ്ങളെ വിമർശിച്ചുകൊണ്ട് കെ.ജി.എം.സി.ടി. അസോസിയേഷന്റെ വാട്ട്സ്ആപ് ഗ്രൂപ്പിൽ ഒരു പോസ്റ്റ് ഇട്ടിരുവെന്നും ആയത് ഒരു ക്ലോസ്ഡ് ഗ്രൂപ്പായതിനാൽ ഇക്കാര്യം പുറത്ത് പ്രചരിക്കില്ലെന്ന ധാരണയിലാണ് അങ്ങനെ ചെയ്തതെന്നും എന്നാൽ തന്നോട് ശത്രുതയുള്ള ഗ്രൂപ്പിലെ ഒരംഗം പ്രസ്തുത പോസ്റ്റ് ബഹു.അംഗത്തിന് അയച്ചുകൊടുക്കുകയാണുണ്ടായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. 70 ശതമാനത്തോളം ഡോക്ടർമാർ കുഴപ്പക്കാരല്ലെന്നും ബാക്കി 30 ശതമാനം ഡോക്ടർമാർ തല്ലുകൊള്ളുന്നതിൽ കുറ്റം പറയാൻ സാധിക്കില്ലെന്നും ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. നടത്തിയ പരാമർശം തനിക്ക് വളരെയധികം വിഷമമുണ്ടാക്കിയതായും തന്റെ അദ്ധ്യാപകനായിരുന്ന ഡോ. ആർ. സി. ശ്രീകുമാറിനെതിരെയാണ് ബഹു.അംഗം സഭയിൽ ഇത്തരം പരാമർശം നടത്തിയതെന്നും ആയതിനാലാണ് താൻ അല്പം വൈകാരികമായി പ്രതികരിക്കാനിടയായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ ബോധിപ്പിച്ചു. താൻ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗം മേധാവിയായി ജോലി ചെയ്യുകയാണെന്നും 1997-ൽ പരിയാരം മെഡിക്കൽ കോളേജിൽ സർവ്വീസിൽ പ്രവേശിച്ച തന്റെ 26 വർഷത്തെ സർവ്വീസ് കാലഘട്ടത്തിൽ രോഗികളുടെയോ സഹപ്രവർത്തകരുടെയോ ഭാഗത്തുനിന്നും തന്നെക്കുറിച്ച് യാതൊരു പരാതികളുമുണ്ടായിട്ടില്ലെന്നും നാളിതുവരെയും രോഗികളിൽനിന്ന് കൈക്കൂലിയോ ലാബുകളിൽനിന്ന് കമ്മീഷനോ വാങ്ങിയിട്ടില്ലെന്നും ചില സന്ദർഭങ്ങളിൽ അറിയാതെ വൈകാരികമായി പ്രതിഷേധിക്കുന്നത് തന്റെ സ്വഭാവദൂഷ്യമാണെന്നും ആയത് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് വിഷമമുണ്ടാക്കിയതിൽ താൻ അങ്ങേയറ്റം ഖേദിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ വ്യക്തമാക്കി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ നടത്തിയ അധിക്ഷേപ പരാമർശം സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം അറിവുള്ളതാണോയെന്ന സമിതിയുടെ ചോദ്യത്തിനും കുറച്ച് പേരടങ്ങുന്ന ഗ്രൂപ്പിലാണ് പോസ്റ്റ് ചെയ്തതെങ്കിലും അതിലൂടെയും അംഗത്തെക്കുറിച്ച് മോശപ്പെട്ട അഭിപ്രായം ഉണ്ടാകാൻ ഇടയായിട്ടുണ്ടെന്നുമുള്ള സമിതിയുടെ വിലയിരുത്തലിനും മറുപടിയായി അക്കാര്യം താൻ സമ്മതിക്കുന്നുവെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

നിയമസഭാംഗങ്ങൾക്ക് ഭരണഘടന നൽകുന്ന ചില പരിരക്ഷകളുണ്ടെന്നും, അംഗങ്ങൾ സഭയിൽ നടത്തിയ പ്രസംഗത്തെ അധിക്ഷേപിച്ചുകൊണ്ട് പോസ്റ്റിടുന്നത് നിയമസഭാംഗത്തോട് മാത്രമല്ല നിയമസഭയോടും കൂടിയുള്ള അവഹേളനമാണെന്ന കാര്യം താങ്കൾക്ക് ബോധ്യമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റിയതായും ഇത് ഇത്രയും ഗൗരവമുള്ള വിഷയമാണെന്ന് അറിഞ്ഞില്ലെന്നും ഇപ്രകാരം സംഭവിച്ചത് തന്റെ അറിവില്ലായ്മ കൊണ്ടാണെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

ഖേദപ്രകടനം നടത്തിയശേഷവും ഇതുപോലുള്ള അധിക്ഷേപ കമന്റുകൾ പോസ്റ്റ് ചെയ്തുവെന്നത് പ്രധാനപ്പെട്ട വിഷയമാണെന്നുള്ള സമിതിയുടെ അഭിപ്രായത്തിന് മറുപടിയായി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പേരെടുത്തുപറഞ്ഞ് അദ്ദേഹത്തെ കുറ്റപ്പെടുത്തി വാട്ട്സ്ആപ് ഗ്രൂപ്പിൽ പോസ്റ്റിട്ടുവെന്നുള്ളത് സത്യം തന്നെയാണെന്നും വേറൊരു ഗ്രൂപ്പിലും താൻ അത് ഷെയർ ചെയ്തിട്ടില്ലെന്നും പിന്നീട് അദ്ദേഹത്തെ വിമർശിച്ചിട്ടില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. താങ്കൾ ഫേസ്ബുക്കിൽ സർക്കാരിനെ വിമർശിച്ചുകൊണ്ട് ധാരാളം പോസ്റ്റുകളിട്ടിട്ടുണ്ടെന്നും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനും മറ്റ് മന്ത്രിമാർക്കുമെതിരെ വാട്ട്സ്ആപിലൂടെ നടത്തിയിട്ടുള്ള അധിക്ഷേപ പോസ്റ്റുകളുടെ രേഖ സമിതിയുടെ കൈവശമുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തന്റെ ഭാഗത്ത് നിന്ന് അങ്ങനെ ഒരു തെറ്റുപറ്റിപ്പോയതായും ഇനി ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. ബഹു.മുൻ മന്ത്രി ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ളവർക്കെതിരെ ' തന്ത, തള്ള് തുടങ്ങിയ പദപ്രയോഗങ്ങൾ നടത്തിയതും, ശ്രീ കെ. എൻ. ബാലഗോപാൽ ഉൾപ്പെടെയുള്ള മന്ത്രിമാരെപ്പറ്റി ഫേസ്ബുക്കിൽ നടത്തിയ പരാമർശങ്ങളും ശരിയല്ലെന്ന് കരുതുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി അക്കാര്യം താൻ തീർച്ചയായും സമ്മതിക്കുന്നുവെന്നും സോഷ്യൽ മീഡിയയെക്കുറിച്ച് പരിമിതമായ അറിവുമാത്രമേ തനിക്കുള്ളൂവെന്നും ഇക്കാര്യത്തിൽ തെറ്റുപ്പറ്റിപ്പോയതായി സമ്മതിക്കുന്നുവെന്നും മേലിൽ ഇത് ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ ഇത്തരമൊരു പ്രകോപനത്തിന് ഇടവരാൻ കാരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗം മാത്രമല്ല തൊട്ടടുത്ത ദിവസങ്ങളിൽ മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖങ്ങളിലും പിന്നീട് യുട്യൂബിലൂടെയും ഡോക്ടർമാരെക്കുറിച്ച് 'നാറികൾ, അല്പന്മാർ' തുടങ്ങിയ വളരെ മോശപ്പെട്ട പ്രയോഗങ്ങൾ നടത്തിയതായും ഡോക്ടർമാരുടെ സംഘടനകളുടെ പേരെടുത്ത് പറഞ്ഞ് അവരൊക്കെ തല്ലുകൊള്ളേണ്ടവരാണെന്ന പരാമർശം നടത്തുകയുണ്ടായെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ

വ്യക്തമാക്കി. എല്ലാ ദിവസവും ഭീഷണി നേരിടുന്ന സമൂഹമാണ് ഡോക്ടർമാരുടേതെന്നും ഡോക്ടർമാരെ പല രീതിയിലും അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുണ്ടാകാറുണ്ടെന്നും തന്റെ അദ്ധ്യാപകനായ ഡോ. ആർ. സി. ശ്രീകുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാരെ മോശമായി പരാമർശിച്ചത് കേട്ടപ്പോൾ പെട്ടെന്നുണ്ടായ രോഷത്തിൽ ചെയ്തുപോയ ഒരു കാര്യമായി ഇതിനെ കാണണമെന്നും നിയമപരമായ കാര്യങ്ങളിൽ മതിയായ അറിവ് തനിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

നിയമം അറിയില്ല എന്നുള്ളത് ഒരു ഒഴികഴിവ് അല്ല എന്ന കാര്യം താങ്കൾ മനസ്സിലാക്കേണ്ടതാണെന്നുള്ള സമിതിയുടെ അഭിപ്രായത്തോട് യോജിക്കുന്നതായി ഡോ. ഹാരിസ് ചിറയ്ക്കൽ അറിയിക്കുകയും തന്റെ സർക്കാർ ജോലിക്ക് തടസ്സം വരാത്ത രീതിയിൽ ശിക്ഷയിൽ നിന്നും തന്നെ ഒഴിവാക്കിത്തരണമെന്ന് സമിതി മുമ്പാകെ അപേക്ഷിക്കുകയും ചെയ്തു. സമിതി അനുമതി നൽകിയതിനെത്തുടർന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ യോഗഹാളിൽ നിന്നും പുറത്തേക്ക് പോയി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും അറിവില്ലായ്മ കൊണ്ട് സംഭവിച്ച തെറ്റ് മേലിൽ ആവർത്തിക്കില്ലെന്നും തുടർനടപടിയിൽനിന്ന് ഒഴിവാക്കിത്തരണമെന്നു മുള്ള ഡോ. ഹാരിസ് ചിറയ്ക്കലിന്റെ ആവശ്യം മുഖവിലയ്ക്കെടുത്ത് മേലിൽ ഇത്തരം പരാമർശങ്ങൾ ആവർത്തിക്കരുതെന്ന താക്കീത് നൽകിക്കൊണ്ട് അവകാശ ലംഘന നോട്ടീസിൻ മേലുള്ള തുടർനടപടി അവസാനിപ്പിക്കാമെന്ന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

<u>അനുബന്ധം 12</u>

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2024 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി(2023-2026)-യുടെ യോഗം 2024 ജൂലൈ 1-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '610'-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. മാത്യു ടി. തോമസ്
2. ശ്രീ. ടി. പി. രാമകൃഷ്ണൻ
3. ശ്രീ. എച്ച് . സലാം,
4. ശ്രീ. യു.എ. ലത്തീഫ് .

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എം. എസ്. വിജയൻ., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ചിരുന്നതും ബഹു. സ്പീക്കർ സമിതിയുടെ പരിഗണനയ്ക്കായി റഫർ ചെയ്തിരിക്കുന്നതുമായ അവകാശ ലംഘന നോട്ടീസിന്മേലുള്ള കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു . 2024 ജൂലൈ 4-ാം തീയതി പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.05-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.